# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3696

30.01.2014-ലെ മറുപടിക്ക്

### ജയിലുകളിലെ ഭക്ഷണ നിർമ്മാണ യൂണിറ്റുകൾ

**ചോദ്യം**

ശ്രീ. വി.ഡി.സതീശൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.കെ.മുരളീധരൻ
ശ്രീ.ലൂഡി ലൂയിസ്

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള ഭക്ഷണം നൽകുന്നതിന് സംസ്ഥാനത്തെ ജയിലുകളിൽ ഭക്ഷണ നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) സംസ്ഥാനത്തെ ജയിലുകളിൽ ചപ്പാത്തി, ഇഡ്ഡലി, ദം ബിരിയാണി, ബേക്കറി ഉല്പന്നങ്ങളായ ലഡു, കേക്ക്, ചിപ്സ് എന്നീ ഭക്ഷണ നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) ഏതൊക്കെ ജയിലുകളിലാണ് ഇത്തരം യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) പൊതുജനങ്ങൾക്ക് ന്യായമായ വിലയിൽ എന്തെല്ലാം ഭക്ഷണ സാധനങ്ങളാണ് വിതരണം ചെയ്തുവരുന്നത്; വിശദമാക്കുമോ; | സി) ചപ്പാത്തി, ചിക്കൻ കറി/വെജിറ്റബിൾ കറി/മുട്ടക്കറി, ചില്ലി ചിക്കൻ, ഇഡ്ഡലി, സാമ്പാർ, ദം ബിരിയാണി, ലഡു, ചിപ്സ്, കേക്ക് എന്നീ ഭക്ഷണ സാധനങ്ങൾ ന്യായമായ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. |
| ഡി) തടവുകാർക്കും സർക്കാരിനും ഇതുവഴി ലഭിക്കുന്ന വരുമാനം എത്രയാണ്; വിശദാംശങ്ങൾ നൽകാമോ? | ഡി) നാളിതുവരെ ലാഭവിഹിതമായി ആകെ 3,78,17,010/- (മൂന്ന് കോടി എഴുപത്തിയെട്ട് ലക്ഷത്തി പതിനേഴായിരത്തി പത്ത് രൂപ മാത്രം) രൂപ ലഭിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത യൂണിറ്റുകളിൽ ജോലി ചെയ്യുന്ന തടവുകാർക്ക് നാളിതുവരെ 1,75,39,554/- (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി അഞ്ഞൂറ്റി അൻപത്തിനാല് രൂപ മാത്രം) രൂപ വേതന ഇനത്തിലും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**ചപ്പാത്തി യൂണിറ്റ്**

1. സെൻട്രൽ പ്രിസൺ, തിരുവനന്തപുരം
2. സെൻട്രൽ പ്രിസൺ, കണ്ണൂർ
3. സെൻട്രൽ പ്രിസൺ. വിയ്യൂർ
4. തുറന്ന ജയിൽ, നെട്ടുകാൽത്തേരി
5. തുറന്ന ജയിൽ, ചീമേനി
6. ജില്ലാജയിൽ, കോഴിക്കോട്
7. ജില്ലാജയിൽ, കൊല്ലം
8. ജില്ലാജയിൽ, എറണാകുളം
9. ജില്ലാജയിൽ, പത്തനംതിട്ട
10. ജില്ലാജയിൽ, കോട്ടയം

**ഇഡ്ഢലി നിർമ്മാണ യൂണിറ്റ്**

1. ജില്ലാജയിൽ, പത്തനംതിട്ട (താത്കാലികമായി സ്പെഷ്യൽ സബ് ജയിൽ തിരുവനന്തപുരത്തുനിന്നും മാറ്റിയത്)

**ദം ബിരിയാണി യൂണിറ്റ്**

1. സ്പെഷ്യൽ സബ്ജയിൽ, പൂജപ്പുര
2. സെൻട്രൽ ജയിൽ, കണ്ണൂർ

**ബേക്കറി യൂണിറ്റ്**

1. സെൻട്രൽ ജയിൽ, കണ്ണൂർ
2. സെൻട്രൽ ജയിൽ, വിയ്യൂർ

സെക്ഷൻ ഓഫീസർ